VIII. റിപ്പോർട്ട് സമർപ്പണം

ഡോ. തോമസ് ഐസക്ക്: പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ 81 മുതൽ 84 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: ഇന്ന് വളരെ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. വളരെ ക്ലിപ്തമായ സമയമേയുള്ളു. ബി.എ.സി.-യിൽ എല്ലാവരും കൂടെ തീരുമാനിച്ച കാര്യമാണ്. കാട് കയറി സംസാരിക്കുന്നതിലല്ല; കാര്യമാത്രമായി പ്രസംഗിച്ച് സമയത്ത് അവസാനിപ്പിക്കുന്നതാണ് നല്ലത്.

ക്രമപ്രശ്നം (തുടർച്ച)

(2) ചട്ടവിരുദ്ധമായി ഒരു ഓർഡിനൻസിനു പകരം രണ്ട് ബില്ലുകൾ അവതരിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമനിർമ്മാണ പ്രക്രിയയിലേക്ക് കടക്കുന്നതിനുമുമ്പ് എനിക്ക് ഒരുകാര്യം ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽ പെടുത്താനുണ്ട്. കഴിഞ്ഞ ദിവസം ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയ സന്ദർഭത്തിൽ ഈ പ്രശ്നം ചർച്ച ചെയ്തിരുന്നു. ബഹുമാനപ്പെട്ട സ്പീക്കർ ആ യോഗത്തിൽ ഇല്ലാതിരുന്നതുകൊണ്ടാണ് ഇത് പറയുന്നത്. അസാധാരണമായ നടപടികളിലേക്കാണ് ഇന്ന് നിയമസഭ നീങ്ങുന്നത്. കേരള നിയമസഭയുടെ ചരിത്രത്തിൽ ഒരിക്കലും ഇല്ലാത്ത സംഭവത്തിനാണ് നമ്മൾ സാക്ഷ്യം വഹിക്കാൻ പോകുന്നത്. ഇവിടെ 1905-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചു. ഒരു ഓർഡിനൻസിനു പകരം രണ്ട് ബില്ലുകളാണ് ഇവിടെ വന്നിരിക്കുന്നത്. ഒരു ഓർഡിനൻസ് രണ്ട് ബില്ലുകളെ പ്രസവിക്കുക. ഇതുവരെ നിയമസഭയിൽ ഇല്ലാത്ത ഒരു നടപടിക്രമമാണിത്. ഇവിടെ ബില്ല് അവതരിപ്പിക്കാൻ ഗവൺമെന്റിന് അവകാശമുണ്ട്. അതിനെ ആരും ചോദ്യം ചെയ്യുന്നില്ല. രണ്ടോ മൂന്നോ ബില്ലുകൾ വേണമെങ്കിലും അവതരിപ്പിച്ചു കൊള്ളട്ടെ. ഇവിടെ പ്രശ്നം, ഒരു ഓർഡിനൻസിന് പകരം വരുന്ന ബില്ലാകുമ്പോൾ അതിനനുസരിച്ചുള്ള ബില്ലാകണ്ടേ? അപ്പോൾ ഓർഡിനൻസിന് അനുസൃതമായിട്ടുള്ള ഒരു ബില്ല് വരുന്നതിന് പകരം രണ്ട് ബില്ലുകൾ കൊണ്ടു വന്ന നടപടിക്രമം തെറ്റാണെന്നുള്ള കാര്യം ബി. എ. സി. യോഗത്തിൽ ബഹുമാന്യനായ മെമ്പർ ശ്രീ. ടി. എം. ജേക്കബ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിൽ അപാകതയുണ്ടായി എന്നുള്ള കാര്യം ഗവൺമെന്റിന് ബോധ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly